"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- വയനാട് ഉരുൾപൊട്ടലിലെ ദുരന്തബാധിതർക്കുള്ള പുനരധിവാസ/ ഉപജീവന പാക്കേജുകളുമായി ബന്ധപ്പെട്ട മൈക്രോ പ്ലാൻ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന്റെ ചുമതല പാൻ എൻവിയോൺ ഇന്ത്യ ലിമിറ്റഡിന് നൽകിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2384/2024/LSGD തീയതി,തിരുവനന്തപുരം, 06-12-2024

---

പരാമർശം:-

1. 06.09.2024-ലെ GO(Rt) No. 1634/2024/LSGD നമ്പർ ഉത്തരവ്
2. 29.10.2024 ലെ GO(Rt) No. 2067/2024/LSGD നമ്പർ ഉത്തരവ്
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.11.2024- ലെ KSHO/2160/2024/M1 നമ്പർ കത്ത്

**ഉത്തരവ്**

മേപ്പാടി ഗ്രാമപഞ്ചായത്തിലെ മുണ്ടക്കൈ, ചൂരൽ മല പ്രദേശത്തെ ഉരുൾപൊട്ടലിലെ ദുരന്തബാധിതർക്കുള്ള പുനരധിവാസ/ ഉപജീവന പാക്കേജുകളുമായി ബന്ധപ്പെട്ട മൈക്രോ പ്ലാൻ തയാറാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കുടുംബശ്രീയെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ അംഗീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മേപ്പാടി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ട സാഹചര്യമുണ്ടായിരുന്നതിനാൽ കുടുംബശ്രീ മിഷനുവേണ്ടി അതിദരിദ്രരുടെ മൈക്രോ പ്ലാൻ സോഫ്റ്റ് വെയർ തയ്യാറാക്കി പരിചയ സമ്പന്നതയുള്ള പാൻ എൻവിയോൺ ഇന്ത്യ ലിമിറ്റഡ് എന്ന സ്റ്റാർട്ട് അപ്പിന് പ്രസ്തുത ചുമതല നൽകിയിട്ടുണ്ട് എന്നും ഇപ്രകാരം സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് ജി എസ്സ് ടി ഉൾപ്പെടെ ആകെ 7,67000/- രൂപയുടെ കരാർ ടി സ്ഥാപനവുമായി ഒപ്പുവച്ചിട്ടുണ്ട് എന്നും വയനാട് ദുരന്ത നിവാരണത്തിന്റെ ഭാഗമായി അടിയന്തിര സാഹചര്യം കണക്കിലെടുത്ത് മൈക്രോ പ്ലാൻ സോഫ്റ്റ്‌വെയർ തയ്യാറാക്കൽ ചുമതല അതിദരിദ്രരുടെ മൈക്രോ പ്ലാൻ സോഫ്റ്റ് വെയർ തയ്യാറാക്കി പരിചയ സമ്പന്നതയുള്ള പാൻ എൻവിയോൺ ഇന്ത്യ ലിമിറ്റഡിന് നൽകിയ മേൽ നടപടിക്ക് സാധൂകരണം നൽകണമെന്നും പരാമർശം (3) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർഥിച്ചിരുന്നു

3. വയനാട് ദുരന്ത നിവാരണത്തിന്റെ ഭാഗമായി അടിയന്തിര സാഹചര്യം കണക്കിലെടുത്ത് വയനാട് ഉരുൾപൊട്ടലിലെ ദുരന്തബാധിതർക്കുള്ള പുനരധിവാസ/ ഉപജീവന പാക്കേജുകളുമായി ബന്ധപ്പെട്ട മൈക്രോ പ്ലാൻ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന്റെ ചുമതല അതിദരിദ്രരുടെ മൈക്രോ പ്ലാൻ സോഫ്റ്റ് വെയർ തയ്യാറാക്കി പരിചയ സമ്പന്നതയുള്ള പാൻ

എൻവിയോൺ ഇന്ത്യ ലിമിറ്റഡിന് നൽകിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ജില്ലാകളക്ടർ, വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 07-12-2024 11:59:07
സെക്ഷൻ ഓഫീസർ

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി .എ.യ്ക്ക്